ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1108

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 123 – 136**

ബാൽപൂജയിൽ ഭ്രമിച്ചുപോയ ജനങ്ങൾ ഇൽയാസ് നബിയുടെ പ്രബോധനം ചെവിക്കൊണ്ടില്ല. അപ്പോൾ അദ്ദേഹം ഇസ്രാഈൽ രാജാവിനെ താക്കീതു ചെയ്തു; നിങ്ങൾ ഈ നിലപാട് തുടരുകയാണെങ്കിൽ ഈ നാട് മഴ ലഭിക്കാതെ വരണ്ടുപോകും. രാജാവ് ആ താക്കീത് പുഛിച്ചുതള്ളി. പക്ഷേ മൂന്നര വർഷം കഴിഞ്ഞപ്പോൾ പ്രവാചകന്റെ പ്രവചനം പുലർന്നു. നാട് മഴയില്ലാതെ വരണ്ടുപോയി. അത് ആഹാബ് രാജാവിന്റെ കണ്ണ് അൽപം തുറപ്പിച്ചു.

وَإِنَّ إِلْيَاسَ لَمِنَ ٱلْمُرْسَلِينَ ﴿١٢٣﴾

123. ഇൽയാസും ഒരു ദൈവദൂതൻ തന്നെയായിരുന്നു.

إِذْ قَالَ لِقَوْمِهِۦٓ أَلَا تَتَّقُونَ ﴿١٢٤﴾

124. അദ്ദേഹം സ്വജനത്തെ ഉദ്ബോധിപ്പിച്ചതോർക്കുക: നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നില്ലയോ?!

أَتَدْعُونَ بَعْلًا وَتَذَرُونَ أَحْسَنَ ٱلْخَٰلِقِينَ ﴿١٢٥﴾

125. നിങ്ങൾ ബാൽ വിഗ്രഹത്തെ പ്രാർഥിക്കുകയും പരമവിശിഷ്ട സ്രഷ്ടാവിനെ വെടിയുകയും ചെയ്യുന്നുവോ?!

ٱللَّهَ رَبَّكُمْ وَرَبَّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿١٢٦﴾

126. നിങ്ങളുടെ വിധാതാവായ അല്ലാഹുവിനെ; നിങ്ങളുടെ പൂർവപിതാക്കളുടെയും വിധാതാവായവനെ?

فَكَذَّبُوهُ فَإِنَّهُمْ لَمُحْضَرُونَ ﴿١٢٧﴾

127. ഇൽയാസിന്റെ സമുദായം അദ്ദേഹത്തെ തള്ളിപ്പറഞ്ഞു. ആകയാൽ തീർച്ചയായും അവർ ശിക്ഷിക്കാൻ ഹാജരാക്കപ്പെടുന്നവരാകുന്നു.

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿١٢٨﴾

128. അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസന്മാർ മാത്രം ആ ദുരന്തത്തിൽനിന്നു മുക്തരാകുന്നു.

وَتَرَكْنَا عَلَيْهِ فِى ٱلْءَاخِرِينَ ﴿١٢٩﴾

129. ഇൽയാസിനു നാം പിൽക്കാലക്കാരിൽ സൽകീർത്തി അവശേഷിപ്പിച്ചിരിക്കുന്നു.

سَلَٰمٌ عَلَىٰٓ إِلْ يَاسِينَ ﴿١٣٠﴾

130. ഇൽയാസീനിന് സലാം.

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٣١﴾

131. ഈ വിധം തന്നെയാകുന്നു സുകൃതർക്ക് നാം സമ്മാനമരുളുന്നത്.

إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١٣٢﴾

132. അദ്ദേഹം നമ്മുടെ യഥാർഥ സത്യവിശ്വാസികളായ ദാസന്മാരിൽപെട്ടവനല്ലോ.

**123-132**

وَإِنَّ إِلْيَاسَ = നിശ്ചയം ഇൽയാസും لَمِنَ الْمُرْسَلِينَ = ദൈവദൂതന്മാരിൽ പെട്ടവൻ (ഒരു ദൈവദൂതൻ) തന്നെ (യായിരുന്നു)
إِذْ قَالَ لِقَوْمِهِ = അദ്ദേഹം സ്വജനത്തോട് പറഞ്ഞപ്പോൾ (ജനത്തെ ഉദ്ബോധിപ്പിച്ചതോർക്കുക)
أَلَا تَتَّقُونَ = നിങ്ങൾ (ദൈവത്തെ) ഭയപ്പെടുന്നില്ലയോ
أَتَدْعُونَ بَعْلًا = നിങ്ങൾ ബാൽ വിഗ്രഹത്തെ പ്രാർഥിക്കു(കയും)ന്നുവോ
وَتَذَرُونَ = നിങ്ങൾ വെടിയുകയും ചെയ്യുന്നുവോ
أَحْسَنَ الْخَالِقِينَ = സൃഷ്ടികളിൽ ഏറ്റം നന്നായവനെ( പരമവിശിഷ്ട സ്രഷ്ടാവിനെ)
اللَّهَ رَبَّكُمْ = നിങ്ങളുടെ വിധാതാവായ അല്ലാഹുവിനെ
وَرَبَّ آبَائِكُمُ الْأَوَّلِينَ = നിങ്ങളുടെ ആദ്യ (പൂർവ) പിതാക്കളുടെയും വിധാതാവായവനെ
فَكَذَّبُوهُ = അവർ (ഇൽയാസിന്റെ സമുദായം) അദ്ദേഹത്തെ തള്ളിപ്പറഞ്ഞു فَإِنَّهُمْ = ആകയാൽ അവർ
لَمُحْضَرُونَ = തീർച്ചയായും (ശിക്ഷിക്കാൻ) ഹാജരാക്കപ്പെടുന്നവരാകുന്നു
إِلَّا عِبَادَ اللَّهِ الْمُخْلَصِينَ = അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാർ ഒഴിച്ച് (ദാസന്മാർ മാത്രം ആ ദുരന്തത്തിൽനിന്നു മുക്തരാകുന്നു)
وَتَرَكْنَا = നാം അവശേഷിപ്പിച്ചിരിക്കുന്നു عَلَيْهِ = അദ്ദേഹത്തിന്മേൽ (ഇൽയാസിനു സൽകീർത്തി)
فِي الْآخِرِينَ = പിൽക്കാലക്കാരിൽ سَلَامٌ عَلَىٰ إِلْ يَاسِينَ = (ഇൽയാസീനിന്) ഇൽയാസികൾക്ക് സലാം
إِنَّا كَذَٰلِكَ = ഈ വിധം തന്നെ(യാകുന്നു) نَجْزِي الْمُحْسِنِينَ = (നന്നത്) സുകൃതർക്ക് നാം സമ്മാനമരുളുന്നു
إِنَّهُ = തീർച്ചയായും അദ്ദേഹം مِنْ عِبَادِنَا الْمُؤْمِنِينَ = നമ്മുടെ (യഥാർഥ) സത്യവിശ്വാസികളായ ദാസന്മാരിൽപെട്ടവനല്ലോ

സത്യപ്രവാചകന്മാരെ തള്ളിപ്പറയുകയും മർദനപീഡനങ്ങൾക്കിരയാക്കുകയും അക്രമങ്ങളിലും അധർമങ്ങളിലും അഭിരമിക്കുകയും ചെയ്തതിന്റെ ഫലമായി നശിപ്പിക്കപ്പെട്ട സമുദായങ്ങളുടെയും രക്ഷിക്കപ്പെട്ട പ്രവാചകന്മാരുടെയും നാലാമത്തെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നത് ഇൽയാസ് നബി(അ)യെയാണ്. ആദ്യം പരാമർശിച്ച നൂഹ്, ഇബ്റാഹീം, മൂസാ പ്രവാചകന്മാർ ക്ഷമക്കും സ്ഥൈര്യത്തിനും ആദർശധീരതക്കും പുകൾപ്പെറ്റ ഉലുൽ അസ്മിൽപെട്ടവരും ആദർശ തത്ത്വങ്ങളോടൊപ്പം നിയമവ്യവസ്ഥ (ശരീഅത്ത്) കൂടി പ്രബോധനം ചെയ്ത്വരുമായിരുന്നു. ഇൽയാസ് ആകട്ടെ മൂസാ നബിക്കുശേഷം ഇസ്രാഈലീ വംശത്തിൽ ആഗതരായ മൂസവീ ദീനും ശരീഅത്തും തന്നെ പ്രബോധനം ചെയ്ത പല പ്രവാചകന്മാരിലൊരാളായിരുന്നു. ഇൽയാസ്, ഏലിയാസ്, ഇൽയാസീൻ, ഏലിയ തിഷ്ബി എന്നെല്ലാം ഈ പേരിനു പാഠഭേദങ്ങളുണ്ട്. ബി.സി 8-ാം നൂറ്റാണ്ടിലാണ് ഇദ്ദേഹം ആഗതനായതെന്ന് ചരിത്രഗവേഷകർ അഭിപ്രായപ്പെടുന്നു. ഉത്തര ജോർദാൻകാരനായിരുന്നു.

സുലൈമാൻ നബിയുടെ മരണാനന്തരം ചെങ്കോലേന്തിയ പുത്രൻ റജ്ആമിന്റെ ഭരണവൈകല്യം മൂലം ഇസ്രാഈൽ രാജ്യം രണ്ടായി പിളർന്നു. ദക്ഷിണ ഫലസ്ത്വീൻ ദാവൂദ് വംശത്തിന്റെ അധീനത്തിൽ യഹൂദ രാഷ്ട്രമായി നിലനിന്നപ്പോൾ ഉത്തര ഫലസ്ത്വീൻ ഇസ്രാഈൽ എന്ന പേരിൽ ഒരു സ്വതന്ത്ര രാഷ്ട്രമായി. ശമര്യയായിരുന്നു ആ രാഷ്ട്രത്തിന്റെ തലസ്ഥാനം. തൊട്ടടുത്ത ലബനാൻ ദേശത്ത് അധിവസിച്ചിരുന്ന കനാനികൾ വിഗ്രഹപൂജകരായിരുന്നു. അവരുടെ വിഗ്രഹാരാധന അതിവേഗം ഇസ്രാഈല്യരിലേക്ക് പകർന്നു. ഇസ്രാഈൽ രാജാവ് ആഹാബ് ലബനാൻ രാജകുമാരി ഇസാബെലിനെ വിവാഹം ചെയ്തത് ഇസ്രാഈല്യരുടെ വിഗ്രഹഭ്രമത്തിന് ആക്കം കൂട്ടുകയും ചെയ്തു. രാജ്ഞിയുടെ ഇംഗിതത്തിനു വഴങ്ങി രാജാവ് വിഗ്രഹപൂജ സ്വീകരിക്കുകയും അതിനായി ക്ഷേത്രം പണിയുകയും ചെയ്തു. തുടർന്ന് ഇസ്രാഈൽ പ്രദേശങ്ങളിൽ ബാൽ ദേവനു വേണ്ടിയുള്ള ബലിയും ഹോമകർമങ്ങളും സാധാരണമായി.

ദക്ഷിണ ഫലസ്ത്വീനിലെ ജൂതരാജാവായിരുന്ന യഹൂറാം ഇസ്രാഈൽ രാജാവായ ആഹാബിന്റെ പുത്രിയെ വിവാഹം ചെയ്തതോടെ വിഗ്രഹപൂജ ആ രാജ്യത്തേക്കും പകർന്നു. ഈ സാഹചര്യത്തിലാണ് ഇസ്രാഈല്യരെ തൗഹീദിലേക്ക് വീണ്ടെടുക്കാനായി പ്രവാചകൻ ഇൽയാസ് (അ) നിയുക്തനാകുന്നത്. അദ്ദേഹം ജനസമക്ഷം വന്ന് ഉദ്ഘോഷിച്ചു: ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടാത്തതെന്ത്? أَلَا تَتَّقُونَ എന്നാണ് മൂലവാക്യം. تَتَّقُونَ-ന്റെ മൂലപദമായ تَقْوَى-ക്ക് സൂക്ഷ്മത, ജാഗ്രത, ഭയം, ഭക്തി, ധർമബോധം എന്നിങ്ങനെ അനേകം അർഥങ്ങളുള്ള കാര്യം നേരത്തേ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ തുടർന്നു പറയുന്നത് അല്ലാഹുവിനെക്കുറിച്ചായതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുക, അവനോട് ഭക്തിയുള്ളവരാവുക എന്ന അർഥമാണ് ഏറെ സന്ദർഭോചിതമായിട്ടുള്ളത്. എല്ലാം ഏറ്റവും സുന്ദരമായും വിശിഷ്ടമായും സൃഷ്ടിക്കുന്ന അല്ലാഹുവിനെ വെടിഞ്ഞ് യാതൊന്നും സൃഷ്ടിക്കാത്ത, ഉപകാരമോ അപകാരമോ ചെയ്യാൻ കഴിയാത്ത ബാൽ വിഗ്രഹത്തെ ജനം പൂജിക്കുന്നതിനെ ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: അല്ലാഹു- സാക്ഷാൽ ദൈവം- മാത്രമാണ് നിങ്ങളുടെ വിധാതാവും പരിപാലകനും. നിങ്ങളുടെ മാത്രമല്ല, നിങ്ങളുടെ പൂർവികരുടെ വിധാതാവും അവൻ തന്നെയാണ്. ആ അല്ലാഹുവിനെ വെടിഞ്ഞ് വെറുമൊരു ശിൽപമായ ബാൽ വിഗ്രഹത്തോട് പ്രാർഥിക്കുന്നത് എന്തൊരു മൗഢ്യമാണ്!

കനാനികളുടെ മഹാദേവനായിരുന്ന ബഅ്ൽ (ബാൽ). بَعَل-ന്റെ മൗലികമായ അർഥം പൗരുഷമാണ്. അറബിയിൽ ഇത് ഭർത്താവ് എന്ന അർഥത്തിലാണ് ഉപയോഗിക്കാറുള്ളത്. ഖുർആൻ പലയിടത്തും ഭർത്താവിനെ بَعل എന്നു പരാമർശിച്ചതായി കാണാം. ബഅ്ലിനെ സൂര്യചിഹ്നമായിട്ടാണ് അതിന്റെ ആരാധകർ കരുതിയിരുന്നത്. ചന്ദ്രന്റെ ചിഹ്നമായി കരുതിയിരുന്ന ഒരു പെൺവിഗ്രഹവും അവർക്കുണ്ടായിരുന്നു; 'അശ്തറേത്ത്'. മനുഷ്യന്റെ ഉടലും രണ്ടു കൊമ്പോടു കൂടിയ കാളത്തലയുമുള്ളതായിരുന്നു ബാൽ വിഗ്രഹം. ശിരസ്സിൽ കിരീടമണിഞ്ഞ് എന്തോ കൈപ്പറ്റാനെന്ന വണ്ണം നീട്ടിപ്പിടിച്ച കരങ്ങളുമായി പീഠത്തിലിരിക്കുന്ന രൂപത്തിലാണ് പ്രതിഷ്ഠ. ചെമ്പുകൊണ്ടാണ് ഈ വിഗ്രഹം നിർമിച്ചിരുന്നത്. ഉള്ളുപൊള്ളയായിരിക്കും. അടുപ്പിന്റെ മാതൃകയിൽ നിർമിച്ച തറയിലാണ് ബാലിന്റെ പീഠം സ്ഥാപിക്കുക. അടുപ്പിൽ തീ കത്തിക്കുമ്പോൾ വിഗ്രഹം ചുട്ടുപഴുക്കും. അപ്പോൾ ബാലിന്റെ നീട്ടിപ്പിടിച്ച കരങ്ങളിൽ ആളുകൾ കാണിക്കയർപ്പിക്കും. ചൂടേറ്റ് കാണിക്ക കരിഞ്ഞുപോകുമ്പോൾ ബാൽദേവൻ അതു സ്വീകരിച്ചതായി അവർ കരുതുന്നു. ആളുകൾ കുട്ടികളെവരെ ഇങ്ങനെ ബാൽ ദേവനു സമർപ്പിക്കാറുണ്ടായിരുന്നുവത്രെ. ബാൽ ദേവന്റെ പേരിൽ സ്ഥാപിതമായ നഗരമാണ് ബാൽബക്ക് بَعَلَة بَكٌّ. ബക്ക് (بَكٌّ) നഗരം ആണ്.

ബാൽപൂജയിൽ ഭ്രമിച്ചുപോയ ജനങ്ങൾ ഇൽയാസ് നബിയുടെ പ്രബോധനം ചെവിക്കൊണ്ടില്ല. അപ്പോൾ അദ്ദേഹം ഇസ്രാഈൽ രാജാവിനെ താക്കീതു ചെയ്തു; നിങ്ങൾ ഈ നിലപാട് തുടരുകയാണെങ്കിൽ ഈ നാട് മഴ ലഭിക്കാതെ വരണ്ടുപോകും. രാജാവ് ആ താക്കീത് പുഛിച്ചുതള്ളി. പക്ഷേ മൂന്നര വർഷം കഴിഞ്ഞപ്പോൾ പ്രവാചകന്റെ പ്രവചനം പുലർന്നു. നാട് മഴയില്ലാതെ വരണ്ടുപോയി. അത് ആഹാബ് രാജാവിന്റെ കണ്ണ് അൽപം തുറപ്പിച്ചു. അയാൾ ഇൽയാസ് നബിയെ വിളിച്ച് മഴക്കു വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെട്ടു. ഇൽയാസ് (അ) അതിന് ഒരു നിബന്ധന വെച്ചു: പ്രാർഥിക്കുന്നതിനു മുമ്പ് താൻ പ്രബോധനം ചെയ്യുന്ന അല്ലാഹുവാണോ, അതല്ല ബാൽ ദേവനാണോ സത്യദൈവം എന്നു തെളിയിക്കേണ്ടതുണ്ട്. ബാൽപൂജാരികൾ ബാലിന്റെ പേരിലും ഞാൻ അല്ലാഹുവിന്റെ പേരിലും ബലി നടത്താം. ആരുടെ ബലിയാണോ, മനുഷ്യൻ കത്തിക്കാതെ അഭൗമമായ അഗ്നിയാൽ ഭസ്മമാകുന്നത്, ആ ബലി യഥാർഥ ദൈവത്തിനുള്ളതാണെന്ന് ഇരുകൂട്ടരും സമ്മതിക്കണം. രാജാവ് ഈ നിബന്ധന അംഗീകരിച്ചു. എണ്ണൂറ്റി അമ്പതോളം പൂജാരിമാരെ വിളിച്ച് ബഹുജനസമക്ഷം ബലിമത്സരം നടത്താൻ കൽപിച്ചു. മത്സരത്തിൽ പൂജാരിമാർ പരാജയപ്പെട്ടു. അവർ പ്രതിനിധാനം ചെയ്യുന്നത് വ്യാജദൈവത്തെയാണെന്നും ഇൽയാസ് (അ) പ്രബോധനം ചെയ്യുന്ന ലോകനാഥനാണ് സത്യദൈവമെന്നും ജനങ്ങൾക്ക് ബോധ്യമായി. അനന്തരം അദ്ദേഹം ആ സഭയിൽ വെച്ചു തന്നെ മഴക്കുവേണ്ടി പ്രാർഥിക്കുകയും ഉടനെ മഴപെയ്യാൻ തുടങ്ങുകയും ചെയ്തു. വ്യാജദൈവത്തിന്റെ പൂജാരിമാരെ കൊന്നുകളയണമെന്ന് അദ്ദേഹം രാജാവിനെ ഉപദേശിച്ചു. അതോടെ രാജ്ഞി ഇസാബെൽ ഇൽയാസിന്റെ ബദ്ധവൈരിയായി. പൂജാരിമാരെ വധിച്ചപോലെ അദ്ദേഹത്തെയും വധിക്കുമെന്ന് അവൾ ശപഥം ചെയ്തു. ഇൽയാസ് നബി ഇസ്രാഈൽ രാജ്യത്തുനിന്ന് പലായനം ചെയ്തു സീനാ മലയുടെ താഴ്വരയിൽ ചെന്നു പാർത്തു. ഇൽയാസിന്റെ ദിവ്യാത്ഭുതങ്ങൾ കണ്ട് അൽപം മാനസാന്തരം ഉണ്ടായെങ്കിലും രാജ്ഞിയുടെ ചൊൽപ്പടിയിൽനിന്ന് മുക്തനാകാൻ ആഹാബ് രാജാവിനു കഴിഞ്ഞില്ല. അയാൾ നാട്ടിൽ വീണ്ടും ബാൽപൂജ പ്രോത്സാഹിപ്പിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം ഇൽയാസ് (അ) ഇസ്രാഈലിൽ തിരിച്ചെത്തി തൗഹീദിന്റെ പ്രബോധനം പുനരാരംഭിച്ചു. പക്ഷേ, രാജാവും പ്രഭൃതികളും അദ്ദേഹത്തെ ഒട്ടും ചെവിക്കൊള്ളാൻ കൂട്ടാക്കിയില്ല. അവരുടെ വീണ്ടെടുപ്പിൽ പ്രതീക്ഷയറ്റ ഇൽയാസ് (അ) ഒടുവിൽ അവർക്കെതിരെ അല്ലാഹുവിനോട് പ്രാർഥിച്ചു. അതിന്റെ ഫലമായി ആഹാബ് രാജവംശം കുറ്റിയറ്റുപോയി.

ദാവൂദ് വംശം ഭരിച്ചിരുന്ന ദക്ഷിണ ഫലസ്ത്വീനിൽ ഇൽയാസ് നബി നേരിട്ടു ചെന്ന് പ്രവർത്തിച്ചതായി ചരിത്രം പറയുന്നില്ല. എങ്കിലും ലിഖിതങ്ങൾ മുഖേന അദ്ദേഹം അവരെയും പ്രബോധനം ചെയ്തുകൊണ്ടിരുന്നു. അന്നത്തെ രാജാവായിരുന്ന യഹൂറാമിന് അയച്ച ലേഖനത്തിൽ ബഹുദൈവപരമായ മാർഗഭ്രംശങ്ങൾ വെടിഞ്ഞ് പരിശുദ്ധരായ പൂർവികരുടെ പാതയിലേക്ക് തിരിച്ചുവരുന്നില്ലെങ്കിൽ ദൈവകോപമുണ്ടാകുമെന്നും അത് യഹൂറാമിന്റെ രാജത്വവും രാജ്യവും തകർന്നുപോകാനിടയാക്കുമെന്നും രാജാവിനെ കഠിനമായ മാറാരോഗം ബാധിക്കുമെന്നും മുന്നറിയിപ്പു നൽകുകയുണ്ടായി. യഹൂറാം ആ സന്ദേശത്തിന് ഒരു വിലയും കൽപിച്ചില്ല. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഈ പ്രവചനവും പുലർന്നു. വിദേശാക്രമണത്താൽ യഹൂറാമിന്റെ അധികാരവും രാജ്യവും നഷ്ടമായി. അയാളുടെ ഭാര്യമാരെ പോലും ശത്രുക്കൾ പിടിച്ചുകൊണ്ടുപോയി. തുടർന്ന് അയാൾ ഗുരുതരമായ ഉദരരോഗം പിടിപെട്ട് കൊടിയ യാതനയനുഭവിച്ച് മരണപ്പെടുകയായിരുന്നു.

ഇങ്ങനെ ഇൽയാസ് നബിയെ തള്ളിപ്പറഞ്ഞ ധിക്കാരികളെല്ലാം ഈ ലോകത്തു തന്നെ പരാജിതരും ശിക്ഷിക്കപ്പെട്ടവരുമായിത്തീർന്നു. ഇതുകൊണ്ട് അവരുടെ ശിക്ഷ അവസാനിക്കുന്നില്ല. പരലോകത്തും അവർ ശിക്ഷയനുഭവിക്കാൻ ഹാജരാക്കപ്പെടുന്നതാണ്. ഇൽയാസ് നബിയും അദ്ദേഹത്തിൽ വിശ്വസിച്ച നിഷ്കളങ്കരായ ദൈവദാസന്മാരും മാത്രം ഈ ദുർഗതികളിൽനിന്ന് മുക്തരായി. وَتَرَكْنَا മുതൽ الْمُؤْمِنِينَ വരെയുള്ള വചനങ്ങൾ നേരത്തേ ഉദ്ധരിച്ച മൂന്നു പ്രവാചകചരിത്രങ്ങളിലും വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. إِلْ يَاسِينَ എന്നത് الياس-ന്റെ പാഠഭേദമായിട്ടാണ് കരുതപ്പെടുന്നത്. ചിലരുടെ വീക്ഷണത്തിൽ ഇൽയാസികൾ അഥവാ ഇൽയാസും ശിഷ്യന്മാരും എന്ന അർഥത്തിലാണ് إِلْ يَاسِينَ ഉപയോഗിച്ചിരിക്കുന്നത്; ശാഫിഈകൾ, ഹനഫികൾ എന്നൊക്കെ പറയുന്നതുപോലെ.

ഇൽയാസ് നബി സാധാരണ ഗതിയിൽ ചരമം പ്രാപിക്കുകയായിരുന്നില്ല; അദ്ദേഹത്തെ അല്ലാഹു ഈ ലോകത്തുനിന്ന് ഉയർത്തുകയായിരുന്നു എന്നും പറയപ്പെടുന്നുണ്ട്. ഈ സൂക്തങ്ങളിലും *അൽഅൻആം* 85-ാം സൂക്തത്തിലും മാത്രമാണ് ഖുർആൻ ഇൽയാസ് നബിയെ പരാമർശിച്ചിട്ടുള്ളത്. ബൈബിൾ: 1 രാജാക്കന്മാർ 19,10,17,18,19,21,12; രാജാക്കന്മാർ 1,2; മദീന വൃത്താന്തം 21; ന്യായാധിപന്മാർ 2,3,6; മലാഖി 4; യോഹന്നാൻ 1; മാർക്കോസ് 6; മത്തായി 11,17 അധ്യായങ്ങളിൽ ഇൽയാസ് നബിയുടെ ചരിത്രം വിശദമായി പറയുന്നുണ്ട്. ●

وَإِنَّ لُوطًا لَّمِنَ ٱلْمُرْسَلِينَ ﴿١٣٣﴾
133. ലൂത്വും ഒരു ദൈവദൂതൻ തന്നെയാകുന്നു.

إِذْ نَجَّيْنَٰهُ وَأَهْلَهُۥٓ أَجْمَعِينَ ﴿١٣٤﴾
134. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂട്ടരെയൊക്കെയും നാം രക്ഷിച്ചതോർക്കുക.

إِلَّا عَجُوزًا فِى ٱلْغَٰبِرِينَ ﴿١٣٥﴾
135. അവശിഷ്ടരിലകപ്പെട്ട കിഴവിയെയൊഴിച്ച്.

ثُمَّ دَمَّرْنَا ٱلْءَاخَرِينَ ﴿١٣٦﴾
136. അനന്തരം മറ്റുള്ളവരെയെല്ലാം തകർത്തുകളഞ്ഞു.

**133-136**

وَإِنَّ لُوطًا = തീർച്ചയായും ലൂത്വും لَّمِنَ الْمُرْسَلِينَ = (ഒരു) ദൈവദൂത(ൻ)ന്മാരിൽപെട്ടവൻ തന്നെ ആകുന്നു
إِذْ نَجَّيْنَاهُ = നാം അദ്ദേഹത്തെ രക്ഷിച്ചത് ഓർക്കുക وَأَهْلَهُ = അദ്ദേഹത്തിന്റെ കൂട്ടരെ, കുടുംബത്തെയും
أَجْمَعِينَ = ഒക്കെയും إِلَّا عَجُوزًا = ഒരു കിഴവിയെയൊഴിച്ച് فِي الْغَابِرِينَ = അവി ശിഷ്ടരിൽ (അകപ്പെട്ട)
ثُمَّ دَمَّرْنَا = അനന്തരം നാം തകർത്തുകളഞ്ഞു الْآخَرِينَ = (യെല്ലാം) മറ്റുള്ളവരെ

അശ്ലീലമതായിചൂണ്ടിക്കാണിക്കുന്നഉദാഹരണംലൂത്വ്നബി(അ)യുടേതാണ്.ഇബ്റാഹീംനബിയുടെസഹോദരപുത്രനുംസമകാലീനനുമായിരുന്നു ലൂത്വ് (അ). ഇബ്റാഹീം നബിയുടെ ശരീഅത്ത് തന്നെയാണ് അദ്ദേഹം പ്രബോധനം ചെയ്തിരുന്നത്. ഫലസ്ത്വീനിലെ ചാവുകടലിനോട് ചേർന്നു കിടന്ന സദോം പട്ടണമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം. സദോമികളിൽ അന്ന് നികൃഷ്ടമായ സ്വവർഗഭോഗം നിർബാധം നടമാടുകയായിരുന്നു. പുരുഷന്മാർക്ക് സ്ത്രീകളെ വേണ്ട. സ്ത്രീകൾക്കു പുരുഷന്മാരെയും. പൊതുസ്ഥലങ്ങളിൽ പരസ്യമായിപ്പോലും പുരുഷന്മാർ നിസ്സങ്കോചം പുരുഷന്മാരെ പ്രാപിക്കുമായിരുന്നു. അന്യദേശങ്ങളിൽനിന്ന് സദോമിലെത്തുന്ന പുരുഷന്മാരെ നാട്ടുകാർ ബലാൽക്കാരം ഭോഗിച്ചുകൊണ്ടിരുന്നു. മനുഷ്യവേഷം ധരിച്ച് ലൂത്ത് നബിയുടെ വീട്ടിലെത്തിയ മലക്കുകളെപ്പോലും അവർ ഭോഗിക്കാൻ ശ്രമിച്ചു. ഇതിനു പുറമെ വഴിവെട്ടിക്കൊള്ള പോലുള്ള അക്രമങ്ങളും സദോമികൾ നിരന്തരം നടത്തിക്കൊണ്ടിരുന്നു.

മ്ലേഛമായ അനാശാസ്യ വൃത്തികൾക്കും അക്രമങ്ങൾക്കുമെതിരെ ശബ്ദമുയർത്തിയ ലൂത്വ് നബിയിൽ വിശ്വസിക്കാൻ ആ നാട്ടിൽ വളരെ കുറച്ചാളുകളേ തയാറുള്ളൂ. സ്വന്തം ഭാര്യപോലും അദ്ദേഹത്തെ അനുസരിച്ചില്ല. അധർമങ്ങളും അനാചാരങ്ങളും പരമകാഷ്ഠയിലെത്തിയപ്പോൾ അല്ലാഹു ആ ജനതയെ നശിപ്പിച്ചു. സദോം നഗരത്തെ കീഴ്മേൽ മറിക്കുകയായിരുന്നു. ആ നാട് ചാവുകടലിന്റെ ഭാഗമായി മാറി. ചാവുകടലിലും തീരപ്രദേശത്തും ആ നഷ്ട നഗരത്തിന്റെ അവശിഷ്ടങ്ങൾ ദൃശ്യമാണ്. ദുരന്തത്തിന്റെ തലേന്ന് ലൂത്വ് നബിയെയും വിശ്വാസികളെയും അല്ലാഹു അവിടെനിന്ന് പുറത്തു കടത്തി രക്ഷിച്ചു. نَجَّيْنَاهُ وَأَهْلَهُ أَجْمَعِينَ -അദ്ദേഹത്തെയും അദ്ദേഹത്തിന്റെ അഹ്‌ലിനെ മുഴുവനും നാം രക്ഷിച്ചു എന്നാണ് മൂലവാക്യം. മൗലികമായ അർഥത്തിൽ കുടുംബമാണ് അഹ്ല്. എങ്കിലും ഒരു വ്യക്തിയുമായി, അല്ലെങ്കിൽ കാര്യവുമായി ബന്ധപ്പെട്ട എല്ലാവരെയും അതിന്റെ അഹ്ല് എന്നു പറയും. അഹ് സുസ്സുന്നഃ സുന്നത്തിനെ പിൻപറ്റുന്നവരാണ്. പൊതുകാര്യങ്ങൾ തീരുമാനിക്കാൻ യോഗ്യരായ ആളുകളെ അഹ്‌ലുൽ ഹില്ലി വൽഅഖ്ദ് എന്നു പറയും. ഇവിടെ ലൂത്വ് നബിയുടെ അഹ്ല് എന്നു പറയുന്നത് അദ്ദേഹത്തിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണ്. അതിൽ കാര്യമായി ഉണ്ടായിരുന്നത് അദ്ദേഹത്തിന്റെ കുടുംബം തന്നെയാണ്. കുടുംബത്തിൽ തന്നെ ലൂത്വിന്റെ(അ) ഭാര്യ 'അഹ്‌ലി'ൽ പെട്ടിരുന്നില്ല. അതേക്കുറിച്ചാണ് അവശിഷ്ടരിലകപ്പെട്ട കിഴവിയൊഴിച്ച് എന്നു പറഞ്ഞത്. ലൂത്വ് നബിയും കൂട്ടുകാരും സദോം വിട്ടശേഷം അവശേഷിച്ച മറ്റെല്ലാവരെയും ഭീകരമായ പ്രകമ്പനത്താലും ദുർമാരിയാലും നശിപ്പിച്ചുകളഞ്ഞു. ●